ശ്രീ. എ. വി. ആര്യൻ: ഈ നിയമം നടപ്പിലാക്കുന്നതിന് ബഹുജനങ്ങളുടെ ഇടപെടൽ ആവശ്യമാണെന്നും 1–ാം തീയതി മുതൽ ഈ നിയമം നടപ്പിലാക്കുന്നതാണെന്നും പ്രഖ്യാപിച്ചിരിക്കേ 10 സെൻറ് ഭൂമിയിൽ പ്രവേശിക്കുകയും തേങ്ങ ഇടുകയും ചെയ്യുന്ന ആളുകളെ സ്വന്തം തോക്കുകൊണ്ട് വെടിവയ്ക്കുകയും മർദ്ദിക്കുകയും ചെയ്യുന്ന എത്ര ജൻമിമാരുടെപേരിൽ നടപടിയെടുത്തിട്ടുണ്ടെന്നുപറയാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. ടി. ജേക്കബ്: അങ്ങനെ ആരെയും മർദ്ദിക്കുകയോ വെടിവയ്ക്കുകയോ ചെയ്തതായി ഗവൺമെൻറിനറിയുകയില്ല. അവർക്ക് 10 സെൻറ് ഭൂമി ലഭിക്കുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ നടന്നുവരികയാണ്. അത് ഏതാനും ദിവസത്തിനകമോ മാസത്തിനകമോ ലഭ്യമാകും. ലഭ്യമാകുന്നതുവരെങ്കിൽ പെറ്റീഷൻകൊടുത്ത് സർവ്വെ നടത്തി അവർക്കു കൊടുത്തെങ്കിലല്ലാതെ ആ ഭൂമി അവരുടേതായിത്തീരുകയില്ല. അതുകൊണ്ട് ദയവായി സംഘടനകളും എം. എൽ. എ. മാരും അവരെക്കൊണ്ട് ട്രൈബ്യൂണലിൽ പെറ്റീഷൻ കൊടുപ്പിച്ച് അവർക്ക് അവകാശം വാങ്ങാനുള്ള ശ്രമത്തിൽ കുടികിടപ്പുകാരെ സഹായിക്കുകയാണ് ആവശ്യമായിട്ടുള്ളത്.

കാർഷിക ബിരുദധാരികൾ

* 102 (358) ശ്രീ. പി. ജി. പുരുഷോത്തമൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും കൃഷിയും മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ രഹിതരായ കാർഷിക ബിരുദധാരികൾക്ക് കൃഷിക്കായി ഭൂമി പതിച്ചുകൊടുക്കാൻ ഗവൺമെൻറ് ആലോചിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര പേർക്ക് ഭൂമി കൊടുക്കാൻ സ്കീം ഉണ്ട്;

(സി) അർഹത നിശ്ചയിക്കുന്നതിൻെറ മാനദണ്ഡം എന്ത്?

ജലസേചനവും കൃഷിയും മന്ത്രി (ശ്രീ. ഒ. കോരൻ):

(എ) ഇല്ല. പക്ഷേ തൊഴിൽ രഹിതരും ഭൂമിയുള്ളവരുമായ കാർഷിക ബിരുദധാരികൾക്ക് സാമ്പത്തിക സഹായം കൊടുക്കാനുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ പദ്ധതി ഗവൺമെൻറിൻെറ പരിഗണനയിലുണ്ട്.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

ശ്രീ. പി. ജി. പുരുഷോത്തമൻ പിള്ള: തൊഴിൽരഹിതരായ കാർഷിക ബിരുദധാരികൾക്ക് ഭൂമി കൊടുക്കുന്നതിനുള്ള ഒരു പദ്ധതിയുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ഒരു പ്രസ്താവന പത്രത്തിൽ കാണുകയുണ്ടായി. അതു ശരിയാണോ?

ശ്രീ. ഒ. കോരൻ: ശരിയാണ്. ഇവിടെ ഞാൻ വായിച്ചത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ഒരു പദ്ധതി ഗവൺമെൻറിൻെറ പരിഗണനയിലുണ്ടെന്നാണ്. പക്ഷേ ഇതുകൊണ്ടുമാത്രം പ്രശ്നം പരിഹരിക്കാൻ സാദ്ധ്യമല്ലാത്തതുകൊണ്ട് സാമ്പത്തിക സഹായം കൂടി ചെയ്തു കൊടുത്താൽ മാത്രമേ ഗുണം കിട്ടുകയുള്ളു. അത് സ്റ്റേറ്റ് ബാങ്കിനേറെയും ഇൻഡ്യാഗവൺമെൻറിനേറെയും ശ്രദ്ധയിൽപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കുഞ്ഞുരാമൻ കിടാവ്: ഈ ബിരുദധാരികളുടെ സേവനം ഏതു നിലയിൽ രാഷ്ട്രത്തിന് ഉപയോഗപ്പെടുത്താൻ കഴിയുമെന്ന് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. ഒ. കോരൻ: ആ പദ്ധതിയെപ്പറ്റിയാണു പറഞ്ഞത്.

ശ്രീ. പി. ജി. പുരുഷോത്തമൻ പിള്ള: ഇപ്പോഴും കാർഷിക ബിരുദധാരികളും എത്രപേർ തൊഴിലില്ലാതെ നിൽപ്പുണ്ട്?

ശ്രീ. ഒ. കോരൻ: മുന്നൂറിൽപ്പരം ആളുകളും ബിരുദധാരികളായി ഉദ്യോഗമില്ലാതെയുണ്ട്.

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള: ഈ വർഷത്തെ പരീക്ഷ കഴിയുമ്പോൾ എത്ര പേർ രംഗത്തുവരുമെന്നുള്ളതായി അറിയാമോ?

ശ്രീ. ഒ. കോരൻ: പരീക്ഷ കഴിഞ്ഞേ പറയാനൊക്കുകയുള്ളു.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: തൊഴിൽ രഹിതരായ കാർഷിക ബിരുദധാരികളെ പ്രോത്സാഹിപ്പിക്കാനായി ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിലേയും മറ്റും കോൺട്രാക്റ്റ് പണികളും അവരെ ഏൽപ്പിക്കുന്നതിന് മുൻഗണന കൊടുക്കുന്നകാര്യം ആലോചിക്കുമോ?

ശ്രീ. ഒ. കോരൻ: ഇപ്പോഴും അതിനെപ്പറ്റി ആലോചിച്ചിട്ടില്ല. ഈ പറഞ്ഞ അഭിപ്രായം ആലോചിക്കാവുന്നതാണ്.

റബ്ബർ പ്ലാന്റേഷനുവേണ്ടി പതിച്ചു കൊടുത്ത ഭൂമി

* 103 (359) ശ്രീ. എസ്. ദാമോദരൻ
,, ഇ. വി. കുമാരൻ
,, ഇ. പി. കൃഷ്ണൻ നമ്പ്യാർ
,, കെ. ചാത്തുണ്ണി മാസ്റ്റർ
,, വി. എസ്. അച്ചുതാനന്ദൻ
,, ടി. കെ. രാമകൃഷ്ണൻ
,, പി. കെ. കുഞ്ഞച്ചൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1969 ഒക്ടോബർ 1-നും 31-നും ഇടയ്ക്ക് ആർക്കെങ്കിലും റബ്ബർ പ്ലാന്റേഷനുവേണ്ടി ഭൂമി പതിച്ചുകൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആർക്കെല്ലാം;

(സി) പതിവ് നടത്തുന്നതിനു നിലവിലുള്ള ചട്ടങ്ങൾക്ക് അനുസൃതമായിട്ടാണോ ഭൂമി കൊടുത്തത്;

(ഡി) അല്ലെങ്കിൽ കാരണമെന്ത്?

ജലസേചനവും കൃഷിയും മന്ത്രി (ശ്രീ. ഒ. കോരൻ): (എ) ഉണ്ട്.

(ബി) 16-10-1969-ൽ അഗ്രിക്കൾച്ചറൽ പ്ലാനിംഗ് ഡിപ്പാർട്ടുമെൻറിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള ഗവൺമെൻറ് ഓർഡറിൽ എം. എസ്. 363-ാം നമ്പരിൽ വിവരിക്കുന്ന 82 പേർക്കും 7-10-1969-ൽ പ്രസ്തുത ഡിപ്പാർട്ടു

LIBRARY ARCHIVES Kerala Legislative Assembly